കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ-എ.എൽ.പി/പി3-1251/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ: 0477-2252753

തീയതി: 08.11.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് സെക്രട്ടറി മുഖേന

കാർത്തികപ്പള്ളി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

********************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാർത്തികപ്പള്ളിഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം,ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി/പി3-1251/2016 തിയ്യതി:08.11.2016

ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ

2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 06.10.2015 മുതൽ 31.03.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | സി.വൈ.സലിം, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 17.10.2016 മുതൽ 22.10.2016വരെ |
| | | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി.സുജ.എൻ, ഓഡിറ്റ്ഓഫീസർ(ഹ.ഗ്രേ.)<br>ശ്രീ.പ്രവീൺ ഷേണായി.ജെ<br>അസി. ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. രാജശ്രീ.വി<br>അസി. ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| | | ശ്രീമതി.രാജി.എസ്<br>സീനിയർ ഗ്രേഡ് ഓഡിറ്റർ.<br>ശ്രീ.സുനിൽ കുമാർ.ജി, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീമതി.ആർ.അമ്പിളി | 01.04.2015മുതൽ 31.10.2015വരെ |
| | | ശ്രീ. ജിമ്മി വി.കൈപ്പള്ളി | 12.11.2015മുതൽ 31.03.2016വരെ |
| സെക്രട്ടറി | : | ശ്രീ.കെ. കമലോൽഭവൻ | 1.04.2015മുതൽ 23.11.2015വരെ |
| | | ശ്രീമതി. ഉഷാകുമാരി. ഒ | 24.11.2015മുതൽ 3.01.2016വരെ |
| | | ശ്രീമതി.സിന്ധു ബാലകൃഷ്ണൻ, അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറി ഇൻ ചാർജ്ജ്) | 4.01.2016മുതൽ 31.03.2016വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | : | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| സെക്രട്ടറി | | ശ്രീമതി.സിന്ധു ബാലകൃഷ്ണൻ | 01.04.15 മുതൽ 21.07.15 വരെ |
| എച്ച്.സി. (അസിസ്റ്റന്റ് സെക്രട്ടറിയുടെ ചാർജ്ജ്) | | ശ്രീമതി.റുബീന | 22.07.15 മുതൽ 25.08.15 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | | ശ്രീമതി.ഉഷാകുമാരി.ഒ | 26.08.2015മുതൽ 31.3.2016വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | | ഡോ.ധന്യ.ആർ.തങ്കം | 01.04.2015മുതൽ 02.06.2015വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | | ഡോ.സുജല | 2.06.2015മുതൽ 02.07.2015വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | | ഡോ.ജിജോ ജോസഫ് | 2.07.2015മുതൽ 31.03.2016വരെ |

| | | | |
|---|---|---|---|
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | | ഡോ.ഗിരിജാദേവി | 01.04.2015മുതൽ 20.08.2015വരെ |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | | ഡോ.സുനിൽകുമാർ | 20.08.2015മുതൽ 31.03.2016വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി | | ശ്രീമതി.സബിത. എസ് | 01.04.2015മുതൽ 31.03.2016വരെ |
| കൃഷി ഓഫീസർ | | ശ്രീമതി.ലേഖാ ഭാസ്കരൻ | 01.04.2015മുതൽ 31.03.2016വരെ |
| വെറ്ററിനറി സർജൻ | | ഡോ.എസ്.ജെ.ലേഖ | 01.04.2015മുതൽ 31.03.2016വരെ |
| വി.ഇ.ഒ | | ശ്രീ.അജിത്. പി | 01.04.2015മുതൽ 31.03.2016വരെ |
| ഹെഡ് മാസ്റ്റർ | | ശ്രീ.പി.കെ.രാധാകൃഷ്ണപിള്ള | 01.04.2015മുതൽ 31.03.2016വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | | ശ്രീ.അനിൽകുമാർ | 01.04.2015മുതൽ 31.03.2016വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | | ശ്രീമതി.കല. | 01.04.2015മുതൽ 27.01.2016വരെ. |
| | | ശ്രീമതി.ശ്രീല. | 29.01.2016മുതൽ 31.03.2016 വരെ. |

ഉള്ളടക്കം


| | | |
|---|---|---|
| 1 | 1-1മുതൽ 1-11വരെ | പൊതു അവലോകനം |
| 2 | 2-1 | കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്ത്.-KLGSDP ഗ്രാന്റ് നഷ്ടപ്പെട്ടത് സംബന്ധിച്ച്. |
| 3 | 2-2 | വസ്തുനികുതി -പിരിവ് ഊർജ്ജിതമാക്കേണ്ടതാണ്. |
| 4 | 2-3 | വസ്തുനികുതി നിർണ്ണയം യഥാസമയം നടക്കുന്നില്ല. |
| 5 | 2.4 | പരസ്യ നികുതി പിരിക്കുന്നില്ല |
| 6 | 2.5 | മിനി വ്യവസായ കേന്ദ്രം ലേലം ചെയ്യാതെ ഉപയോഗശൂന്യമായിക്കിടക്കുന്നു |
| 7 | 2.6 | കടമുറികളുടെ വാടക കാലാനുസൃതമായി പരിഷ്ക്കരിക്കുകയോ ലേല നടപടികൾ സ്വീകരിക്കുകയോ ചെയ്യില്ല |
| 8 | 3-1 | ബ്ലൈന്റിംഗ് മെറ്റീരിയൽ- CPWDസ്പെസിഫിക്കേഷൻ പ്രകാരമുള്ളതിലും അധികത്തുക നൽകി പഞ്ചായത്തിന് നഷ്ടം. |
| 9 | 3-2 | സിമന്റ് പൂശലിന് അധിക നിരക്ക് നൽകി |
| 10 | 3-3 | പഞ്ചായത്ത് ഓഫീസ് കെട്ടിടം ഉദ്ഘാടനം--അസാധാരണ ചെലവിന്റെ പരിധി ലംഘിച്ചു |

| | | |
|---|---|---|
| 11 | 3-4 | ആസ്തി രജിസ്റ്റർ അപാകതകൾ പരിഹരിച്ച് കാലികമാക്കിയിട്ടില്ല |
| 12 | 3-5 | പാലിയേറ്റീവ് പരിചരണം പദ്ധതി :-മരുന്നുകൾ യഥാസമയം ലഭിയ്ക്കുന്നതിനുള്ള നടപടികളില്ല, പി.എം.സി യോഗം കൃത്യമായി ചേരുന്നില്ല. |
| 13 | 3-6 | മരുന്നു വാങ്ങൽ-നൽകിയ തുകയ്ക്കുള്ള മരുന്നുകൾ ലഭിച്ചില്ല. |
| 14 | 3-7 | പൊതുമാരാമത്ത് മേഖലയിലെ ആസൂത്രണം, നിർവഹണം - അപാകതകൾ |
| 15 | 4.1മുതൽ 4-10വരെ | പൊതുവിവരവും ഓഡിറ്റ് പ്രത്യവലോകനവും |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 30.03.2015 തിയതിയിലെ 94 -ാം തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2016 | 05.07.2016 |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് -16458378

വരവ് -27812731

ആകെ -44271109

ചെലവ് -38416539

നീക്കിയിരിപ്പ്-5854570

വിശദാംശങ്ങൾക്ക് ഭാഗം 4 കാണുക.

1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2881711 | 14036722 | 16918433 | 10352791 | 6565642 | 61.2% |
| വികസനഫണ്ട് എസ്.സി.പി. | 1116405 | 2508000 | 3624405 | 2272850 | 1351555 | 62.7 |
| വികസനഫണ്ട് ടി.എസ്.പി. | 36000 | 19000 | 55000 | 6000 | 49000 | 10.9 |
| സംരക്ഷണഗ്രാന്റ് റോഡ് | 1148628 | 4866000 | 6014628 | 5590768 | 423860 | 93 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 746916 | 2460000 | 3206916 | 2295808 | 911108 | 72 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1585602 | 3631023 | 5216625 | 4177701 | 1038924 | 80 |
| പെർഫോമൻസ് ഗ്രാന്റ് | 2532097 | | 2532097 | 1702592 | 829505 | 67 |
| എം.എൻ.ആർ.ഇ.ജി.എസ്. | 4800 | 15231464 | 15236264 | 15235264 | 1000 | 100 |
| ബി ഫണ്ട് | | 21501080 | 21501080 | 21501080 | | 100 |
| മറ്റുള്ളവ(ആർ.ജി.പി.എസ്) | | 300000 | 300000 | 300000 | | 100 |

1-6പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 117 | 38577370 | 82 | 27876812 | 4 | 31 | 65 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 29.33ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4615504 | 3058082 | 1557422 | (-)33% |
| നികുതിയേതര വരവുകൾ | 390059 | 121814 | 268245 | (-)68.77% |
| മറ്റുവരവുകൾ | 390510 | 281693 | 108817 | (-)27.56% |
| ആകെ | 5396073 | 3461589 | 1934484 | (-)129.33 |

1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 429360 | 225 |
| കർഷകതൊഴിലാളി പെൻഷൻ | 2865450 | 385 |
| വിധവാപെൻഷൻ | 7304360 | 767 |
| വാർദ്ധക്യകാലപെൻഷൻ | 7489110 | 1148 |
| വികലാംഗപെൻഷൻ | 2298400 | 229 |
| അഗതി പെൻഷൻ | 772400 | 84 |
| വിവാഹ ധനസഹായം | 330000 | 11 |
| വൈദ്യൻ ഗ്രാന്റ് | 12000 | 1 |

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.10.2016 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 17203/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം.

ജി.ഒ.(എം.എസ്) 123/2009 2.7.2009 ഉത്തരവ് പ്രകാരം തുടങ്ങിയ ഫ്രണ്ട് ഓഫീസ് സംവിധാനം ഗ്രാമപഞ്ചായത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. പഞ്ചായത്തിന്റെ തനത് ആസ്തികൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല. ഓഫീസ് ഉത്തരവ് പ്രകാരം സെക്രട്ടറി സെക്ഷനുകൾക്ക് ചുമതലകൾക്ക് വിഭജിച്ച നൽകിയിട്ടുണ്ട്. ഓഡിറ്റിൽ ഹാജരാക്കിയ സി-9 സെക്ഷന്റെ തൻ പതിവേട് രജിസ്റ്റർ പരിശോധിച്ചതിൽ ലഭിക്കുന്ന ഫയലുകളുടെ വിവരം രേഖപ്പെടുത്തുന്നുണ്ടെങ്കിലും തീർപ്പാക്കുന്നവയുടെ വിവരം കാണിക്കുന്ന മാസാന്ത്യ സംക്ഷിപ്തം എഴുതി ആയത് മേൽ നോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കേണ്ടതാണ്.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.05.2016 | 04/2016 | A4 11356/15<br>Dtd. 14/06/2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31/01/2014 | 2008-09 മുതൽ 2012-13 വരെ | LBA (HQ)<br>V/8A-2083/454<br>Dtd. 20/03/2014 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഗ്രാമപഞ്ചായത്തിന്-KLGSDP ഗ്രാന്റ് നഷ്ടപ്പെട്ടു

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനും സാമ്പത്തികവും വികസനപരവുമായ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തി ജനങ്ങൾക്ക് മികച്ച സേവനം നൽകുന്നതിനുമുള്ള ലോകബാങ്ക് സഹായപദ്ധതിയാണ് KLGSDP. 20-7-2011 ലെ സർക്കാർ ഉത്തരവ് നം 1731/2011 തസ്വഭ പ്രകാരം മുൻവർഷം ലഭിച്ച ഗ്രാന്റിന്റെ 80% ചെലവഴിച്ചെങ്കിൽ മാത്രമേ അടുത്തവർഷം ഗ്രാന്റ് ലഭിക്കുകയുള്ളൂ. മുൻവർഷം ലഭിച്ച ഗ്രാന്റിന്റെ നിശ്ചിത ശതമാനം ചെലവഴിക്കാത്തതിനാൽ 2015-16വർഷം ഗ്രാന്റ് ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

14-15 വർഷത്തെ വരവ്-ചെലവ് വിവരം.

| | |
|---|---|
| മുന്നിരിപ്പ് | 2097 |
| വരവ് | 2530000 |
| ആകെ | 2532097 |
| ചെലവ് | nil |
| നീക്കിയിരിപ്പ് | 2532097 |

2014-15 വർഷം മാർച്ച് മാസാവസാനം മാത്രമാണ് ഗ്രാന്റ് ലഭിച്ചത്. തുക ഒന്നുംതന്നെ വിനിയോഗിക്കാൻ സമയം ലഭിക്കാത്തതിനാലാണ് ചെലവു നടത്താതിരുന്നത് എങ്കിലും 2015-16 ൽ ഗ്രാന്റ് തുക ലഭിച്ചില്ല.

## 2-2 വസ്തുനികുതി -പിരിവ് ഊർജ്ജിതമാക്കേണ്ടതാണ്.

2015-16 വർഷത്തെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം വസ്തുനികുതി ഇനത്തിൽ 19,52,646/- (അരിയർ-862706/-,കറന്റ്-1089940/-) രൂപ കുടിശ്ശികയുണ്ട്. 4040278/-രൂപ ഡിമാന്റുള്ള പഞ്ചായത്തിന് വസ്തുനികുതി യായി 48% ശതമാനം തുക മാത്രമാണ് പിരിച്ചെടുക്കാനായത് എന്നതാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. ഹരിപ്പാട് മുനിസിപ്പിലിറ്റി രൂപീകരിച്ചതിനാൽ ഗ്രാമ പഞ്ചായത്തിൽ നിന്നും വിട്ടു പോയ വാർഡുകളിലെ നികുതി കുടിശ്ശികയായ 2,69075/-രൂപയും ഇതിൽ ഉൾപ്പെടുന്നുണ്ട്. എന്നാൽ, പ്രസ്തുത വാർഡുകളിലെ കുടിശ്ശിക പിരിയ്ക്കുന്നതിനായി പഞ്ചായത്ത് എന്തെങ്കിലും നടപടി സ്വീകരിച്ചതിന്റെ വിവരം ലഭ്യമല്ല. നികുതി പിരിവ് പുരോഗതിയുടെ വിവരം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറി നം.9നുള്ള

മറുപടിയിൽ, 3,21,570/-രൂപ സെപ്റ്റംബർ 30 വരെയുള്ള കാലയളവിൽ പിരിച്ചെടുത്തതായി മറുപടി നൽകി. നികുതി പിരിവ് ഊർജിതമാക്കി തുകകൾ കാലഹരണപ്പെട്ടു പോകാതെ ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-3 വസ്തുനികുതി നിർണ്ണയം യഥാസമയം നടക്കുന്നില്ല.

ഗ്രാമ പഞ്ചായത്തിൽ വി.ഇ.ഒ നടപ്പാക്കിയ ഭവന പുനരുദ്ധാരണം-ജനറൽ, ഭവന പുനരുദ്ധാരണം-ആശ്രയ എന്നിവയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ജി.ഒ.(എം.എസ്) 362/13 ത.സ്വ.ഭ.വ 16.11.13 ഉത്തരവ് പ്രകാരം പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് എട്ടു വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമാണ് ഭവന പുനരുദ്ധാരണത്തിന് അർഹത എന്ന മാനദണ്ഡം പാലിക്കപ്പെട്ടിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

I.പ്രോജക്ട് നം.72/16(ഭവനപുനരുദ്ധാരണം-ജനറൽ).

1.പ്രേമവല്ലി,പുത്തൻ വീട്ടിൽ,മഹാദേവികാട്.(III/83-6 വർഷത്തെ കാലപ്പഴക്കം.)

2.സുമ.പി.കോടാലിപറമ്പിൽ.(II/198-7 വർഷത്തെ കാലപ്പഴക്കം.)

3.ചന്ദ്ര,ചെപ്പള്ളിൽ.(XIV/54- 6വർഷത്തെ കാലപ്പഴക്കം.)

II.പ്രോജക്ട് നം.73/16(ഭവനപുനരുദ്ധാരണം-ആശ്രയ).

1.തങ്കച്ചി,D/O കാർത്ത്യായനി,കണിക്കര വടക്കതിൽ.(നാലു വർഷത്തെ കാലപ്പഴക്കം).

2.ലക്ഷ്മി,തറയിൽ.(ഏഴ വർഷത്തെ കാലപ്പഴക്കം).

ആനുകൂല്യം നൽകിയിട്ടുള്ള ഗുണഭോക്താക്കളുടെ വീടുകൾക്ക് അസസ്മെന്റ് രജിസ്റ്റർ പ്രകാരം പദ്ധതി മാർഗ്ഗരേഖ അനുശാസിക്കും വിധമുള്ള കാലപ്പഴക്കമില്ല എന്നതിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.02ന്, ആനുകൂല്യത്തിന് അർഹമായ വിധം കാലപ്പഴക്കം വീടുകൾക്ക് ഉണ്ടെന്നും ആയത് നിർവ്വഹണ ഉദ്യോഗസ്ഥന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, എൽ.എസ്.ജി.ഡി ഓവർസിയറുടെ സാക്ഷ്യപത്രത്തിന്റെയും കൂടി അടിസ്ഥാനത്തിലാണ് തുക അനവദിച്ചിട്ടുള്ളത് എന്നാണ് മറുപടി നൽകിയത്. വിശദീകരിക്കപ്പെട്ട പ്രകാരമാണെങ്കിൽ, നിർമ്മാണം പൂർത്തിയാക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയം യഥാസമയം നടക്കാത്തതിനാലാണ് ഇത്തരത്തിൽ അപാകതയുണ്ടാകുന്നത്. താരതമ്യേന വിസ്തൃതി കുറവായ പഞ്ചായത്തായിട്ടും നികുതി നിർണ്ണയത്തിൽ താമസം വരുന്നത് വാർഡുകളുടെ ചുമതലയുള്ള ജീവനക്കാരുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണ്. ആയതിനാൽ, ഓരോ വാർഡിലെയും കെട്ടിടങ്ങളുടെ വിശദാംശങ്ങൾ വാർഡ് തല ഉദ്യോഗസ്ഥർ യഥാസമയം റിപ്പോർട്ട് ചെയ്ത് നികുതി നിശ്ചയിക്കേണ്ടതും അതു വഴിയുണ്ടാകുന്ന വരുമാന നഷ്ടം ഒഴിവാക്കേണ്ടതുമാണ്.

## 2-4 പരസ്യ നികുതി പിരിക്കുന്നില്ല

കാർത്തികപ്പള്ളി ഗ്രാമ പഞ്ചായത്ത് പരിധിയിൽ ധാരാളം പരസ്യബോർഡുകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ടെങ്കിലും 2015-16 വർഷം പരസ്യനികുതി പിരിച്ചെടുത്തില്ല. പരസ്യനികുതി ബൈലോ പാസ്സാക്കിയിട്ടുണ്ടെന്നും അംഗീകാരത്തിനായി 02.06.2016 ൽ അയച്ചിട്ടുണ്ട് എന്നുമാണ് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4.1)മറുപടി ലഭിച്ചത്. ബൈലോ അംഗീകാരം വാങ്ങി പരസ്യനികുതി പിരിച്ചെടുക്കേണ്ടതാണ്. ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-5 മിനി വ്യവസായ കേന്ദ്രം ലേലം ചെയ്യാതെ ഉപയോഗശൂന്യമായിക്കിടക്കുന്നു

കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ 10-ാം വാർഡിൽ നിർമ്മിച്ച മിനി വ്യവസായ കേന്ദ്രം നാളിതുവരെ ലേല നടപടികൾ പൂർത്തിയാക്കുകയോ കടമുറികൾ വാടകയ്ക്ക് നൽകുകയോ ചെയ്യാത്തതിനാൽ

പഞ്ചായത്തിന് ലഭിക്കേണ്ട വരുമാനം നഷ്ടമാകുന്നു. മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ച വിഷയമായിട്ടും നാളിതുവരെ പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7.1) മറുപടി ലഭിച്ചില്ല. ലേലനടപടികൾ അടിയന്തിരമായി പൂർത്തിയാക്കി കടമുറികൾ വാടകയ്ക്ക് നൽകി വരുമാനം വർദ്ധിപ്പിക്കുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-6 കടമുറികളുടെ വാടക കാലാനുസൃതമായി പരിഷ്ക്കരിക്കുകയോ ലേല നടപടികൾ സ്വീകരിക്കുകയോ ചെയ്തില്ല

പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിച്ചുവരുന്ന 7 കടമുറികളാണ് വാടകയ്ക്ക് നൽകിയിട്ടുള്ളത് ഈ കടമുറികൾ നിലവിലുള്ള വാടകയുടെ 5% വാർഷിക വർദ്ധനവിൽ കാലങ്ങളായി കരാർ പുതുക്കി നൽകുകയാണ് ചെയ്തു വരുന്നത്. താരതമ്യേന വളരെ ചെറിയ തുകയാണ് (387/- രൂപ മുതൽ 604/- രൂപ വരെ) 7 കടമുറികൾക്കും വാടകയായി നിശ്ചയിച്ചിട്ടുള്ളത്. കടമുറികളുടെ കരാർ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് ടി കടമുറികൾ ലേലം ചെയ്ത് കരാർ ചമച്ച് വാടക കാലാനുസൃതമായി പരിഷ്ക്കരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ബ്ലെന്റിംഗ് മെറ്റീരിയൽ -ഡി.എസ്.ആർ. നിരക്കിലും അധികത്തുക നൽകി പഞ്ചായത്തിന് നഷ്ടം.

ഡി.എസ്.ആർ ഇനം-16.3.9 പ്രകാരം good earth-ന്റെ വില 467.60 രൂപ മാത്രമാണ്. (01.01.2015ലെ ഇൻറക്സ് പ്രകാരം) കാർത്തികപ്പള്ളി ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയ റോഡ് വർക്കുകൾക്ക് ഇതേ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തി 1325.30 രൂപയാണ് നൽകി വരുന്നത്. താഴെ പറയുന്ന വർക്കുകൾക്ക് അധികനിരക്ക് നൽകിയിട്ടുണ്ട്.

| ക്രമനം. | പ്രവർത്തിയുടെ പേര്. | അളവും നൽകിയ തുകയും. | അനുവദനീയ മായത് | അധികം നൽകിയത്. |
|---|---|---|---|---|
| 1 | പുളിമൂട്ടിൽ കൊട്ടാരം റോഡ് ഗ്രാവലിംഗ്&<br>മെറ്റലിംഗ്<br>കൺവീനർ:പ്രമോദ്.കെ.<br>എം.ബുക്ക്.നം.42/15-16.<br>(billno.18/15-16) dt.3-1-2016<br>197695/- | 6.51m$^3$as per (mbook.page.no.7)<br>5.46m$^3$@1325.50<br>=7236 | 5.46*467.60<br>=2553 | 4683 |
| 2 | ഗുരുമന്ദിരം നീലക്കാട്ട് റോഡ് മെറ്റലിംഗ്<br>എം.ബുക്ക്.7/15-16<br>കൺവീനർ:മണിലാൽ.എസ്സ്.<br>bill.no.10/15-16 dt.13-11-2016<br>amount.436599/- | 7.83m$^3$@1325<br>10375<br>(page 8&18) | 7.83@467.60<br>=3661 | 6714 |
| | ആകെ | | | 11397 |

അധികം നൽകിയ തുക തിരിച്ചു പിടിക്കേണ്ടതാണ്.

## 3-2 സിമന്റ് പൂശലിന് അധിക നിരക്ക് നൽകി

CPWD സ്പെസിഫിക്കേഷൻ അനുസരിച്ച് 2014-ലെ DSR നിരക്കു പ്രകാരമാണ് 2015-2016 വർഷത്തെ മരാമത്ത് പണികൾ നടത്തിയിട്ടുള്ളത്. കെട്ടിടനിർമ്മാണ പ്രവർത്തികളിൽ ഭിത്തി സിമന്റുപൂശുന്ന പ്രവർത്തിക്ക് സാധാരണയായി FINE SAND ആണ് ഉപയോഗിക്കുന്നത് ഇത് പ്രകാരം അനുവദനീയമായ നിരക്ക് DSR ഇനം 13.1.1.പ്രകാരമുള്ളതാണ്. താഴെ പറയുന്ന വർക്കുകൾക്ക് നൽകിയ നിരക്കുകൾ ഇതിൽനിന്ന് വ്യത്യസ്തമായി കാണുന്നു. മറ്റു വർക്കുകളിൽ എല്ലാം ഇനം 13.1.1 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. (DSR.2014, ഐറ്റം 13.1.1 പ്രകാരം നിരക്ക് 163.35*1.457 cost index=238/-). അധികചെലവ് അനുവദിക്കുന്നില്ല.

| | പ്രവർത്തിയുടെ പേരും വിശദാംശങ്ങളും. | DSR | ഇനവിവരം | നൽകിയനിരക്കും അളവും | അനുവദനീയ മായത് (1.1.15 ലെ ഇന്റക്സ് പ്രകാരം) | അധികം നൽകിയത്. |
|---|---|---|---|---|---|---|
| 1 | 35-ാം നമ്പർ അംഗൻവാടിക്ക് ചുറ്റുമതിൽ.<br>കരാറുകാരൻ:ഹരിലാൽ.<br>അടങ്കൽതുക<br>.150000<br>m.book no.40/15-16<br>billno 15./15-16<br>DT.19-1-2016<br>amount128690/- | 13.1.1 | Plastering with 1:4 12mm thickness | 251.06/m$^2$<br>107.82m$^2$<br>27069.29<br>(as per m.book<br>Page No.8&12 | 238/m$^2$<br>25661 | 1408 |
| 2 | മഹാദേവികാട് യു.പി.എസ്സ്.<br>കരാറുകാരൻ.പൊന്നപ്പൻ<br>അടങ്കൽതുക<br>498000<br>m.bookno.64/15-16<br>bill14/15-16<br>dt.19-12-2015<br>amount-490188 | 13.1.1 | Plastering with 1:4 12mm thickness | 251.06/m$^2$<br>197.64m$^2$<br>=49619.49<br>(asper m.book page.no.13&21 | 238/M$^2$<br>47038/- | 2581 |
| | ആകെ | | | | | 3989 |

## 3-3 പഞ്ചായത്ത് ഓഫീസ് കെട്ടിടം ഉദ്ഘാടനം--അസാധാരണ ചെലവിന്റെ

<u>പരിധി ലംഘിച്ചു</u>

പഞ്ചായത്ത് ഓഫീസ് കെട്ടിടം ഉദ്ഘാടനവുമായി ബന്ധപ്പെട്ട് വിവിധ ഇനങ്ങളിലായി 35295/- രൂപ ആകെ ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ അസാധാരണ ചെലവിനങ്ങളിൽ ഉൾപ്പെടുത്തി ഇപ്രകാരം തുക ചെലവഴിക്കാം എന്ന് വ്യവസ്ഥയുണ്ടെങ്കിലും ചില നിബന്ധനകൾ സർക്കാർ ഇത്തരം ചെലവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മന്ത്രിമാർ ഉൾപ്പെടുന്ന ഇത്തരം ചടങ്ങിന് പരമാവധി 25000/- രൂപ വരെ മാത്രമേ സർക്കാർ ഉത്തരവ് പ്രകാരം ചെലവഴിക്കാൻ വ്യവസ്ഥയുള്ളൂ (ജി.ഒ.(ആർ.ടി) 3866/2015/തസ്വഭവ /28.12.2015). അധികം തുക ചെലവഴിച്ചതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് എൻക്വയറി നല്കിയതിന് ഉത്തരവ് നം.ജി.ഒ.(എം.എസ്) 58/2006/തസ്വഭവ.തീ.16.2.06പ്രകാരം പരിധി 1,00,000/- രൂപ എന്ന വ്യവസ്ഥയിൽ ചെലവഴിച്ചതാണ് എന്ന് മറുപടി അറിയിച്ചു. എന്നാൽ ഇതു സംബന്ധിച്ച രജിസ്റ്റർ ഹാജരാക്കാതെ പരിധി 1,00,000/-(തൻവർഷത്തെ എല്ലാ അസാധാരണ ചെലവും ഉൾപ്പെടെ) ആയിട്ടുള്ളൂ എന്ന് നിർണ്ണയിക്കാൻ സാധിച്ചിട്ടില്ല. മാത്രമല്ല നിലവിലെ സർക്കാർ ഉത്തരവാണ് ബാധകം എന്നിരിക്കെ മറുപടി അംഗീകരിക്കാൻ സാധിക്കുകയില്ല. അധികം ചെലവഴിച്ച 7095/-രൂപ സെക്രട്ടറിയുടെ ബാധ്യതയാകുന്നതാണ്. ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

1100 /- വൌച്ചർ നം. 21500043/24.4.15

1250 /-ചെക്ക് നം. 2175/9.4.15

10500/- ചെക്ക് നം. 2176/ 9.4.15

1800/- ചെക്ക് നം. 2177/9.4.15

11480/- ചെക്ക് നം. 2188 /25.4.15

5965/- വൌച്ചർ നം 21500173 /25.5.15

ആകെ-- 32095/-

## 3-4 <u>ആസ്തി രജിസ്റ്റർ അപാകതകൾ പരിഹരിച്ച് കാലികമാക്കിയിട്ടില്ല</u>

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തി വിവരശേഖരണം 2005-2006-ൽ പൂർത്തിയാക്കി രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടുള്ളതാണ്. ഇതിൽ അപാകതകൾ കടന്നുകൂടിയിട്ടുള്ളതിനാൽ ആസ്തിരജിസ്റ്ററിലെ വിവരങ്ങൾ കുറ്റമറ്റതും പൂർണ്ണവുമാക്കി കാലാകാലങ്ങളിലെ മാറ്റങ്ങളും കൂടി ഉൾപ്പെടുത്തി സൂക്ഷിക്കുന്നതിനായി 13-01-2010 ൽ 58608/DB2/2009/LSGD സർക്കുലർ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിരുന്നു.

കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ റോഡുകളുടെ നീളം, വീതി, കാര്യേജ് വേ ഇവ കൃത്യമായി കാണിക്കാതിരിക്കുക, ഒരു റോഡ് പല റോഡുകളായി മുറിച്ചുകാണിക്കുക, കെട്ടിടങ്ങളുടെ പൂർണ്ണവുമായ വിവരണം നൽകാതിരിക്കുക, ആസ്തികൾ നിർമ്മിച്ച വർഷം, ചെലവു തുക ഇവ രേഖപ്പെടുത്താതിരിക്കുക, നിലവിലുള്ള ആസ്തികളിൽ പലതും രജിസ്റ്ററിൽ ഉൾപ്പെടുത്താതിരിക്കുക തുടങ്ങി അനേകം അപാകതകൾ ഇപ്പോഴും പരിഹരിക്കപ്പെടാതെയുണ്ട്. 2015-16ൽ ആർജ്ജിച്ച ആസ്തികൾ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. മാത്രമല്ല പഞ്ചായത്തിന്റെ പലസ്ഥാവര ആസ്തികളും രജിസ്റ്ററിൽ ഉൾപ്പെട്ടുകാണുന്നില്ല. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പൊതുശ്മശാനം ഉപയോഗയോഗ്യമായ അവസ്ഥയിലല്ല. ടി സ്ഥലം വേലി/മതിൽ കെട്ടി സംരക്ഷിച്ചിട്ടില്ലാത്തതിനാൽ ഇതിലെ മണ്ണ് നഷ്ടപ്പെട്ടു പോയിട്ടുള്ളതായി അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (7.2) മറുപടി ലഭിച്ചില്ല. ടി സ്ഥലത്തിന്റെ വ്യാപ്തി, ഉടമസ്ഥാവകാശം എന്നിവ തെളിയിക്കുന്ന രേഖകൾ പഞ്ചായത്തിൽ ലഭ്യമല്ല. ആസ്തി രജിസ്റ്റർ അപൂർണ്ണമായതിനാൽ പഞ്ചായത്തിന്റെ പൂർണ്ണമായ ആസ്തി വിവരങ്ങൾ ലഭ്യമല്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അധീനതയിലുള്ള പുറംമ്പോക്ക് ഭൂമിയുടെ വിവരങ്ങൾ പ്രത്യേക

ഫാറത്തിൽ തയ്യാറാക്കുന്നതിന് നിർദ്ദേശിച്ചിരുന്നു എങ്കിലും അതും പ്രാവർത്തികമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകൾ അക്രൂവൽ അടിസ്ഥാനത്തിൽ തയ്യാറാക്കുന്നതിനാൽ പഞ്ചായത്തിന്റെ ആസ്തി കളുടെ കൃത്യമായ കണക്കുകൾ വാർഷിക കണക്കിന്റെ കൃത്യതക്ക് ആവശ്യമാണ്. എന്നിട്ടും ആസ്തി രജിസ്റ്ററിലെ അപാകത പരിഹരിക്കാൻ നാളിതുവരെ നടപടി സ്വീകരിക്കാതിരിക്കുന്നത് ഗുരുതരമായ വീഴ്ചയാണ്. പഞ്ചായത്തിന്റെ ആസ്തികൾ തിട്ടപ്പെടുത്തുകയും അവയുടെ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

## 3-5 പാലിയേറ്റീവ് പരിചരണം പദ്ധതി:-മരുന്നുകൾ യഥാസമയം ലഭിയ്ക്കുന്നതിനുള്ള നടപടികളില്ല,പി.എം.സി യോഗം കൃത്യമായി ചേരുന്നില്ല.

എ).പ്രോജക്റ്റ് നം.9/16(പാലിയേറ്റീവ് കെയർ)

പാലിയേറ്റീവ് കെയർ പദ്ധതിയിൽ മരുന്ന് വാങ്ങുവാൻ KMSCL-ന് നൽകിയ തുകയ്ക്ക് മരുന്നുകൾ ലഭിച്ചിട്ടില്ല. ബിൽ നം.10/15-16 തീ.16.2.16 പ്രകാരം 32,800/-രൂപ പിൻവലിച്ച് കേരളാ മെഡിയ്ക്കൽ സർവ്വീസസ് കോർപ്പറേഷൻ പേരിൽ നൽകിയിട്ടുണ്ടെങ്കിലും 13447/- രൂപയുടെ മരുന്നുകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ.ഫയൽ പരിശോധിച്ചതിൽ ബാക്കി തുകയ്ക്കുള്ള മരുന്ന് ലഭ്യമാക്കാനുള്ള യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. അവശരായ രോഗികളുടെ അടിയന്തിര പരിചരണം ലക്ഷ്യമാക്കി നടപ്പാക്കുന്ന പദ്ധതിയിൽ ഇത്തരത്തിൽ കാലതാമസമുണ്ടായാൽ അർഹനായ വ്യക്തിയ്ക്ക് യഥാസമയം മരുന്ന് എത്തിയ്ക്കാൻ തന്നെ കഴിയാതെ വരും.

കെ.എം.എസ്.സി.എൽ മരുന്നുകൾ വിതരണം ചെയ്യുന്നതിൽ കാലതാമസം വരുത്തുന്നതിനാൽ, പാലിയേറ്റീവ് കെയർ പദ്ധതിയിലെ മരുന്നുകൾ നീതിസ്റ്റോർ വഴി ലഭ്യമാക്കാനുള്ള നടപടി നിർവ്വഹണ ഉദ്യോഗസ്ഥന് സ്വീകരിയ്ക്കാവുന്നതാണ്. മരുന്നുകൾ ലഭിയ്ക്കാത്ത സാഹചര്യത്തിൽ 19353/-രൂപയുടെ (32800-13447) ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ബി).പാലിയേറ്റിവ് കെയർ മാനേജ്മെന്റ് കമ്മിറ്റി-യഥാസമയം യോഗം ചേരുന്നില്ല.

ഓഡിറ്റ് വർഷം പാലിയേറ്റിവ് കെയർ മാനേജ്മെന്റ് കമ്മിറ്റി യോഗം ചേർന്നിട്ടുള്ളത് 10.12.2015ൽ മാത്രമാണ്. സാന്ത്വന പരിപാലന പദ്ധതിയിലെ പ്രവർത്തനങ്ങൾ ശരിയാം വിധം വിശകലനം ചെയ്യപ്പെടുന്നില്ല എന്നതാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. ജി.ഒ(എം.എസ്) 228/12 ത.സ്വ.ഭ.വ 23.08.12 പ്രകാരം പാലിയേറ്റീവ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി മൂന്ന് മാസത്തിലൊരിക്കൽ പി.എം.സി, യോഗം ചേരണമെന്നായിരുന്നു നിർദ്ദേശം. കമ്മിറ്റി കൃത്യമായി യോഗം ചേർന്ന് നടപ്പാക്കിയ പ്രവർത്തനങ്ങൾ വിലയിരുത്തിയാൽ മാത്രമേ പോരായ്മകൾ പരിഹരിക്കുന്നതിനും തുടർ പ്രവർത്തനങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും സാധിക്കുകയുള്ളൂ. മെഡിക്കൽ ഓഫീസർമാർമാരുടെ നിരന്തരമായ സ്ഥലം മാറ്റം കാരണമാണ് യഥാസമയം യോഗം ചേരാൻ കഴിയാതെ പോയതെന്നാണ് ഓഡിറ്റ് അന്വേഷണം നം.3ന് മറുപടി നൽകിയത്. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്, ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എന്നിവർ കൂടി ഉൾപ്പെടുന്ന കമ്മിറ്റി യഥാസമയം ചേരുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുന്നതിന് പ്രസിഡന്റിന് ആകും എന്നതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ സ്ഥലംമാറ്റം ഇതിന് വിഘാതമാകുന്നില്ല. ആയതിനാൽ, ജി.ഒ(ആർ.റ്റി) 3217/15 ത.സ്വ.ഭ.വ 29.10.15 ലെ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിധേയമായി പാലിയേറ്റീവ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി രണ്ട് മാസത്തിലൊരിക്കലോ ഇടവേളകളിൽ ആവശ്യാനുസരണത്തിനോ തുടർന്നുള്ള വർഷങ്ങളിൽ പി.എം.സി. യോഗം ചേരാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 മരുന്നു വാങ്ങൽ-നൽകിയ തുകയ്ക്കുള്ള മരുന്നുകൾ ലഭിച്ചില്ല.

എ).പ്രോജക്റ്റ് നം.10/16(മരുന്നു വാങ്ങൽ)

ബിൽ നം.9/15-16 തീ.21.1.16 പ്രകാരം 50,000/-രൂപ പിൻവലിച്ച് കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ പേരിൽ നൽകിയിട്ടുണ്ടെങ്കിലും 30558/-രൂപയുടെ മരുന്നുകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ.

19442/-രൂപയുടെ (50000-30558) ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ജി.ഒ.(എം.എസ്) 362/13 ത.സ്വ.ഭ.വ 16.11.13 ഉത്തരവ് പ്രകാരം മരുന്നുവാങ്ങലിനായി പദ്ധതി നടപ്പാക്കുന്നതിന് മുമ്പായി ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും വാങ്ങാനുദ്ദേശിക്കുന്ന മരുന്നുകൾ വകുപ്പ് തലത്തിൽ ലഭ്യമല്ല എന്ന് തെളിയിക്കുന്ന നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ്. എന്നാൽ ഫയൽ പരിശോധിച്ചതിൽ ഇത്തരത്തിൽ സർട്ടിഫിക്കറ്റ് ലഭ്യാമാക്കാതെയാണ് മരുന്ന് വാങ്ങൽ നടത്തിയിട്ടുള്ളത്. പദ്ധതി നിർവ്വഹണത്തിൽ മാർഗ്ഗരേഖ പ്രകാരമുള്ള നിബന്ധനകൾ പാലിയ്ക്കാൻ ശ്രദ്ധിയ്ക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണം നം.3).

## 3-7 പൊതുമാരാമത്ത് മേഖലയിലെ ആസൂത്രണം, നിർവഹണം - അപാകതകൾ

രണ്ടു പഞ്ചായത്തുകളുടെ ചുമതലയുള്ള ഒരു അസ്സിസ്റ്റന്റ് എഞ്ചിനീയറും 3 ഓവർസിയറുമാരുമാണ് എഞ്ചിനീയറിംഗ് വിഭാഗത്തിലുള്ളത്. പശ്ചാത്തല മേഖലയിൽ മറ്റ് മേഖലകളെ അപേക്ഷിച്ച് കൂടുതൽ പ്രോജക്ടുകൾ തയ്യാറാക്കി നടപ്പാക്കുന്നുണ്ട്. പദ്ധതി തുക വിവിധ വാർഡുകളിലായി വീതിച്ചു നൽകുന്ന പ്രവണത തുടരുന്നതിനാൽ ചെറിയ അടങ്കലുള്ള അനേകം പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കാൻ ഈ വിഭാഗം നിർബന്ധിതമാകുന്നു. 2015-16 വർഷം 48 പ്രോജക്ടുകൾക്കായി 15159112/- രൂപ വകയിരുത്തുകയും 11724292/- രൂപയ്ക്ക് 39 പ്രോജക്ടുകൾ നടപ്പിലാക്കുകയും ചെയ്തു. ചെലവു പരിശോധനയിൽ ബഹുഭൂരിപക്ഷം പ്രോജക്ടുകളും മാർച്ച് മാസത്തിലാണ് നിർവഹിക്കപ്പെട്ടത് എന്നു കാണുന്നു. പരിമിതമായ സ്റ്റാഫ് മാത്രമുള്ള സാഹചര്യത്തിൽ മുഴുവൻ സൈറ്റുകളും സന്ദർശിച്ച് പ്രവർത്തികളുടെ ഗുണനിലവാരം ഉറപ്പാക്കാൻ സാധ്യമല്ല. അടങ്കൽ തുകയിൽ വർദ്ധനവ് വരുത്തുകയും പ്രോജക്ടുകളുടെ എണ്ണത്തിൽ കുറവു വരുത്തുകയും പദ്ധതി നിർവഹണ പ്രവർത്തനങ്ങൾ വർഷാരംഭം മുതൽ തന്നെ തുടങ്ങുന്നതിനും ബന്ധപ്പെട്ടവർ ശ്രദ്ധ ചെലുത്തേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്കിലെ അപാകതകൾ

1. റെസീപ്റ്റ് ആൻറ് പേയ്മെൻറ്, ബാലൻസ് ഷീറ്റ് എന്നിവയിലെ നെഗറ്റീവ് തുകകൾ വിശദീകരിച്ചിട്ടില്ല.
2. മുൻവർഷ ബാലൻസ് ഷീറ്റിലെ ബി-15 ഷെഡ്യൂളിൽ തൊഴിൽ നികുതി (ട്രേഡേഴ്സ്) 5000/-രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തൻവർഷത്തെ വാർഷിക കണക്കിൽ Rp 43 ൽ ഇത് 11050/- കളക്ട് ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.
3. തൻവർഷ ബാലൻസ് ഷീറ്റിലെ പഞ്ചായത്ത് ഫണ്ട് തുക (ബി1 ഷെഡ്യൂൾ) ബി1 ഷെഡ്യൂളിലെ കോളം 3 ലെ തുകയും (മുന്നിരിപ്പ്) I & E സ്റ്റേറ്റ്മെൻറിലെ സർപ്ലസ്/ഡെഫിസിറ്റ് കുറച്ച് കിട്ടുന്ന തുകയായിരിക്കണം. ഇത് പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

   പഞ്ചായത്ത് ഫണ്ട് - 5463056 (1)

   ബി1 ഷെഡ്യൂൾ കോളം 3 - 4918417.60 (2)

   I & E സ്റ്റേറ്റ്മെൻറ്- ഡെഫിസിറ്റ് -544639 (3)

   (2)-(3) -4373778

5. ബാലൻസ് ഷീറ്റിൽ അസറ്റ് സൈഡിൽ റിസീവബിൾ തുകയിൽ വസ്തു നികുതി തുക, കുടിശ്ശിക ഡിമാൻറ്

രജിസ്റ്റർ, തൻവർഷ ഡിമാൻറ് രജിസ്റ്റർ എന്നിവ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല.

6. I & E സ്റ്റേറ്റ്മെൻറിലെ കമ്മി ഫണ്ട് ബാലൻസ് ഷീറ്റിലേക്ക് ക്യാരി ഓവർ ചെയ്തതിൽ വ്യത്യാസമുണ്ട്.
7. വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുള്ള ആസ്തി വിവരങ്ങളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
8. ധനകാര്യ വർഷത്തെ സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട്, തൻവർഷത്തിൽ നടത്തിയ സ്റ്റോർ പർച്ചേസുകളുടെ മൂല്യം, ക്ലോസിംഗ് സ്റ്റോക്കുകളുടെ മൂല്യം എന്നിവ തയ്യാറാക്കുന്നില്ല.

4-2. സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (ഉണ്ടെങ്കിൽ)

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2015-16 | 65000/- | അഗതി ആശ്രയ ഭവന നിർമ്മാണം | 65000/- | ഇല്ല |
| ജില്ലാ പഞ്ചായത്ത് | 2015-16 | 50000/- | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | ഇല്ല | 50000/- |
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 50000/- | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 50000/- | ഇല്ല |

4-3. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-4. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-5. വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| ഇ.എം.എസ് ഭവന പദ്ധതി | 268/2010 ത.സ്വ.ഭ തീ. 23.01.2010 | 9736330/- | 4701205/- | 989700/- | | 3711505/- |

4-6. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-7. ഓഡിറ്റ് റിക്കവറി

ഇല്ല

4-8. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3-19 | 2006-07 | 3-29-1 | പദ്ധതികൾ നടപ്പാക്കാതെ പദ്ധതിപ്പണം പാഴായി. | നിയമസഭാ സമിതി പരിഗണനയിൽ |

4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 27812731/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 38416539/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 22481 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 38795 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 11397/- | ശ്രീമതി.സബിത.എസ്സ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 3989/- | സബിത.എസ്സ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | | 7095/- | ശ്രീ.കമലോൽഭവൻ, സെക്രട്ടറി |
| | ആകെ | 22481/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3.5 | 19353/- | ഡോ.ജിജോ ജോസഫ്, മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) |
| 3.6 | 19442/- | ഡോ.ജിജോ ജോസഫ്, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| ആകെ | 38795/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.സബിത.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ചവറ | പുന്നപ്പുറത്ത് ഹൗസ്, ചെമ്മക്കാട്.പി.ഒ. പെരിനാട്,കൊല്ലം |
| ശ്രീ.കമലോൽഭവൻ, സെക്രട്ടറി | വിരമിച്ചു. | ചന്ദ്രികാ നിവാസ്, തോട്ടപ്പള്ളി.പി.ഒ. |
| ഡോ.ജിജോ ജോസഫ് മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | | വരമ്പത്ത്, കവടിയാർ, തിരുവനന്തപുരം |

4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-99 | എൽ.എഫ്.ജി.എ5/1832 |

| | |
|---|---|
| | /2011/25-01-12 |
| 2002-03 | എൽ.എഫ്.ജി.എ5/1832 /2011/25-01-12 |
| 2006-07 | എൽ.എഫ്.എ.പി.3/53 /11/13-7-12 |
| 2007-08 | എൽ.എഫ്.എ.പി.3/53(1)11/18-4 |
| 2008-09 | എൽ.എഫ്.എ.പി.3/1209 /11/18-4-12 |
| 2009-10 | എൽ.എഫ്.എ.പി.3/12010 /11/18-4-12 |
| 10-11,11-12 | എൽ.എഫ്.എ.പി.3/9 /13/15-2-13 |
| 2012-13 | എൽ.എഫ്.എ.പി.3/1001 /2014/8-12-14 |
| 2013-14 | കെ.എസ്.എ.എ.പി.ഇസഡ്-പി3-1035/2015 |
| 2014-15 | കെ.എസ്.എ-എഎൽപി-പി3/1417/2015/23-11-2015 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകപ്പ്.

നം. കെ.എസ്.എ-എ.എൽ.പി-പി3-1251/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.

തീയതി: 08.11.2016

*ഓഡിറ്റ് സർട്ടിഫിക്കറ്റ്*

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖ.4-1ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

No. KSA-ALP/P3-1251/16

Kerala State Audit Department,

District Audit Office, Alappuzha.

Date:08.11.2016

*AUDIT CERTIFICATE*

Certified that I have audited the Annual Financial Statement of Karthikappally Grama Panchayat in Alappuzha District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Karthikappally Gramapanchayat for the year 2015-16 except the observations in my audit report Para 4-1 properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

Alappuzha